## സമാപന പ്രാർത്ഥനകൾ - വർഷാരംഭം

**കാർമ്മി:** കർത്താവേ അങ്ങേ നാമം പരിശുദ്ധമാകുന്നു. അങ്ങേ ആലയം പരിശുദ്ധമാകുന്നു. അങ്ങയെ ആരാധിക്കുന്ന സ്വർഗ്ഗവാസികൾ പരിശുദ്ധരാകുന്നു. ഞങ്ങളുടെ ഹൃദയമാകുന്ന ദൈവാലയത്തെ അങ്ങു പവിത്രീകരിക്കണമെ. ഞങ്ങളുടെ മനസ്സാക്ഷിയെ നിർമ്മലമാക്കണമെ. ഞങ്ങളുടെ പാപങ്ങൾ മോചിക്കണമെ. ദുഃഖത്തിലും സന്തോഷത്തിലും, ദാരിദ്ര്യത്തിലും സമൃദ്ധിയിലും, രോഗത്തിലും ആരോഗ്യത്തിലും തുല്ല്യമായി അങ്ങയെ സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ. ഞങ്ങളേയും ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളേയും ഞങ്ങൾ അങ്ങേയ്ക്കു സമർപ്പിക്കുന്നു. ജീവിതത്തിന്റെ എല്ലാ ദിവസവും അങ്ങു ഞങ്ങളുടെ സങ്കേതമായിരിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഞങ്ങളുടെ ദൈവമായ കർത്താവെ, ഈ പുതിയ വത്സരത്തിൽ അങ്ങയുടെ അനന്തമായ അനുഗ്രഹവും നിരന്തരമായ സഹായവും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പിന്റെയും വിശുദ്ധ ശ്ലീഹന്മാരുടെയും ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും രക്തസാക്ഷികളുടെയും സകല വിശുദ്ധരുടെയും സുകൃതങ്ങളെ പരിഗണിച്ചുകൊണ്ട് ഞങ്ങൾക്ക് തുണയും സങ്കേതവും ദുഷ്ടസൈന്യങ്ങളിൽ നിന്നു സംരക്ഷണവും നല്കി നിത്യസൗഭാഗ്യത്തിലേയ്ക്കു ഞങ്ങളെ ആനയിക്കേണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഞങ്ങളുടെ ദൈവമായ കർത്താവേ, പീഡയനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുകയും രോഗികൾക്കു സുഖം നല്കുകയും ദരിദ്രരെ സംരക്ഷിക്കുകയും ചെയ്യണമെ. പാപികൾക്ക് പശ്ചാത്താപവും മരിച്ചവർക്ക് സ്വർഗ്ഗഭാഗ്യവും നീതിമാന്മാർക്ക് സന്തോഷവും പ്രദാനം ചെയ്യണമെ. പുതിയ വത്സരത്തിലേയ്ക്കു പ്രവേശിക്കുവാൻ ഭാഗ്യം ലഭിച്ച ഞങ്ങളെയെല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കണമെ. ഇപ്പോഴും + എപ്പോഴും എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ.

# വചന ശുശ്രൂഷ

## ക്രിസ്തുമസ് രാത്രി

## വർഷാവസാന പ്രാർത്ഥന

## വർഷാരംഭ പ്രാർത്ഥന



***SACRED HEART KNANAYA CATHOLIC PARISH, CHICAGO***

ഉപയോഗശേഷം പുസ്തകം ദൈവാലയത്തിൽ
ദയവായി തിരിച്ചേല്പിക്കുക.



*(കുർബ്ബാനയുടെ ആദ്യഭാഗം ഈ പുസ്തകത്തിൽ മൂന്ന സന്ദർഭങ്ങളിലേക്കുള്ളതും ഇടകലർത്തി കൊടുത്തിരിക്കുന്നു. ബാക്കി ഭാഗത്തിന് സാധാരണ കുർബ്ബാന പുസ്തകം ഉപയോഗിക്കുക).*



## പ്രാരംഭ ഗാനം



### ക്രിസ്തുമസ് രാത്രി

ദൈവം പിറക്കുന്ന മനുഷ്യനായ് ബേദ്‌ലഹേമിൽ
മഞ്ഞു പെയ്യുന്ന മലർമടക്കിൽ, ഹല്ലേലുയ്യ, ഹല്ലേലുയ്യ
മണ്ണിലും വിണ്ണിലും മന്ദഹാസം പെയ്യും, മധുര മനോഹര ഗാനം, (2)
ഹല്ലേലുയ്യ, ഹല്ലേലുയ്യ, (2) ദൈവം പിറക്കുന്ന ...........

പാതിരാവിൽ മണ്ണിന്നധീരനായ്, പാരിന്റെ നാഥൻ പിറക്കുകയായ് (2)
പാടിയാർപ്പൂ, വീണ മീട്ടു, ദൈവത്തിൻ ദാസരെ ഒന്നു ചേരൂ (2)
ദൈവം പിറക്കുന്നു...

പകലോനു മുമ്പു പിതാവിന്റെ ഹൃത്തിലെ,
ത്രീയേക സൂനുവാം ഉദയ സൂര്യൻ (2)
പ്രാഭവ പൂർണ്ണനായ് ഉയരുന്നിതാ
പ്രതാപ മോടിന്നേശുനാഥൻ (2) ദൈവം പിറക്കുന്ന .........
ഹല്ലേലുയ്യ, ഹല്ലേലുയ്യ (4)

### വർഷാവസാനം

| | |
|---|---|
| ദൈവകുമാരൻ കാൽവരിക്കുന്നിൽ<br>ബലിയണച്ചു സ്വയം ബലിയണച്ചു<br>പറുദീസാ നരനു തുറന്നിടാനായ്<br>ബലിയണച്ചു സ്വയം ബലിയണച്ചു<br><br>സൗഭാഗ്യ ദായകമാം ധർമ്മയാഗം<br>വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു<br>പാപങ്ങൾ കഴുകിടുമാ ദിവ്യയാഗം<br>വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു. | ദൈവകുമാരൻ ...<br><br>സർവ്വേശാ പാവനമീ പൂജയാലെ<br>ഞങ്ങൾക്കു ജീവൻ<br>പകർന്നിടേണം<br>മൂതരിൽ പ്രകാശം പരത്തിടേണം<br>നവശാന്തി ഭൂവിൽ വിതച്ചിടേണം.<br><br>ദൈവകുമാരൻ ... |



**രക്ഷകനാം യേശുപിറന്നു** / ദാവീദിൻ പുരിയിൽ കന്യാ-
മറിയാമിൽ ഉദയം പൂണ്ടിതു / മോദം സന്മദനായ് (2)

അകതാരിൽ നിറയും ശ്രുതിയും / കരതാരിൻ പൊന്നും മോറും
കരുതി - നിറയെ പൈതലാം യേശുവെ വന്ദിപ്പാൻ

ധ്രുതഗണമതഗണ ഹല്ലേലുയ പാടി / മനമൊരു ഭ്രമിയിലെ മനമിതു പാടി
ആശയുടെ ശാന്തിയുടെ കൈവണങ്ങി മുമ്പിൽ / ജീവജാലമെല്ലാം.

രക്ഷകനാം...............

ഗുരുപാദം തേടാം നമ്മൾ / ശ്രുതിഗാനം പാടാം നമ്മൾ
വരവേൽപിൻ താളലയത്തിൽ / അവനെ കീർത്തിക്കും
കരുണാമയനേശുവിതല്ലോ / കരളലിയും സ്നേഹവിരുന്നാൽ
സുരലോകം ഭ്രവിൽ നിറയാൻ വന്നൊരുദിനമല്ലോ

മിശിഹായുടെ വരവിൻ ധ്വനിയിൽ നാമും ചേർന്നീടാം
ഓശാന പാട്ടുകൾ പാടി അവനെ വാഴ്ത്തീടാം
മലരുകൾ വിതറാം പാതയൊരുക്കാം
ഹൃദയത്തിലിടം നല്കാം / ഉണ്ണിയേശു പിറന്നിടുവാൻ.

ധ്രുതഗണ............(2) രക്ഷകനാം ...............(2) ലല്ല-ലാ...

ഇരുളാകെ നീക്കിടുവാനായി / മമജീവൻ നേടുവാനായി
മമപാപം പോകി എനിക്കായ് / തൻ ജനനം മൂലം (2)
തിരുബലിയാൽ ഭാഗ്യമതേകി / തിരുരക്തം ചിന്തിനമുക്കായ്
ധര മുഴവൻ രക്ഷ അതേകാൻ / തിരുഹിതമാർന്നവനായ്

മിശിഹായുടെ ജനനം പൂണ്ടൊരു പുൽക്കുടുണ്ടാക്കാം
അകതാരിൽ വിനയം പൂണ്ടൊരു ജനമായ് മാറിടാം
ഗർവ്വുകളണിയാം ഒരുമയിലുയരാം
ഹൃദയത്തിലിടം നൽകാം ഉണ്ണിയേശു പിറന്നിടുവാൻ.

രക്ഷകനാം.......................

ക്രോധ മോഹമദമാത്സര്യങ്ങൾ തൻ
ഘോരമാം അന്ധത നിറയും എൻ മനസ്സിൽ
ദൈവസ്നേഹത്തിൻ മെഴുകുതിരിനാളം (2)
ദേവാ..........നീ............കൊളുത്തണേ.

ദൈവസ്നേഹം...................

നിന്നെ ഉൾക്കൊണ്ടോരെൻ മനതാരിൽ
നന്മകൾ മാത്രം എന്നും ഉദിക്കണെ
നിന്നെ അറിയുന്നോരെൻ ഹൃദയത്തിൽ (2)
നാഥാ........നീ..........വസിക്കണെ.

ദൈവസ്നേഹം.........................

************************

**കാവൽ മാലാഖമാരേ** കണ്ണടയ്ക്കരുതേ
താഴെയീ പുൽത്തൊട്ടിലിൽ രാജരാജൻ മയങ്ങുന്നു

കാവൽ മാലാഖമാരേ... .......

ഉണ്ണിയുറങ്ങ് ഉണ്ണിയുറങ്ങ് ഉണ്ണിയുറങ്ങുറങ്ങ്

തളിരാർന്ന പൊന്മേനി നോവുമേ ഓ..
കുളിരാർന്ന വൈക്കോലിൽ തൊട്ടിലല്ലേ (2)
സുഖസുഷുപ്തി പകർന്നീടാൻ
തുവൽക്കിടക്ക ഒരുക്കൂ.... സുഖസുഷുപ്തി പകർന്നീടാൻ

കാവൽ മാലാഖമാരെ .......

ഉണ്ണിയുറങ്ങ് ഉണ്ണിയുറങ്ങ് ഉണ്ണിയുറങ്ങുറങ്ങ്

നീലനിലാവലനീറുന്ന ശാരോം
താഴ്‌വരതന്നിലെ പനിനീർപ്പൂവേ ഓ....നീലനിലാവലനീറുന്ന ...
തേൻ തുളുമ്പും ഇതളുകളാൽ നാഥനുശയ്യയൊരുക്കൂ (2)

കാവൽ മാലാഖമാരേ.......

ഉണ്ണിയുറങ്ങ് ഉണ്ണിയുറങ്ങ് ഉണ്ണിയുറങ്ങുറങ്ങ്

ജോർദ്ദാൻ നദിക്കരനിന്നണയും
പൂന്തേൻ മണമുള്ള കുഞ്ഞിക്കാറ്റേ (2)
പുല്കിയുണർത്തല്ലേ നാഥനുറങ്ങട്ടെ
പരിശുദ്ധ രാത്രിയല്ലേ (2)

കാവൽ മാലാഖമാരേ.......



## വർഷാരംഭം

| | |
|---|---|
| പുതിയൊരു വർഷം പുലരുന്നു<br>പുതുമയിലാശകളുണരുന്നു<br>കർത്താവേ, നിൻ തനയരിതാ<br>നിൻ തിരുസന്നിധിയണയുന്നു.<br><br>ആയിരമായിരമക്ഷികളീ -<br>പ്പുതിയദിനത്തിൽ പൂങ്കിരണം<br>കാണാതൊട്ടു നിരാശതയിൽ<br>മങ്ങിയടഞ്ഞു മറഞ്ഞല്ലോ.<br><br>പുതുവർഷത്തിൻ പാതകളിൽ<br>പാപികൾ ഞങ്ങളിറങ്ങുന്നു<br>വിനകളിൽ വീഴാതഖിലേശാ<br>കൈകൾ പിടിച്ചു നടത്തണമേ.<br><br>കരളിൽ നിരാശ നിറയ്ക്കരുതേ<br>കൃപയുടെ വാതിലടയ്ക്കരുതേ | കാക്കും കൈകൾ വലിക്കരുതേ<br>കരുണ വെടിഞ്ഞു വിധിക്കരുതേ.<br><br>കണ്ണുകൾ നിന്നിലുറപ്പിച്ചെൻ<br>ദിനകൃത്യങ്ങൾ തുടങ്ങുന്നേൻ<br>വീഴാതെന്നെ നയിക്കണമേ<br>വിജയാനുഗ്രഹമേകണമേ.<br><br>നാഥാ നിൻ സുവിശേഷത്തിൻ<br>പാരമിട്ടുങ്ങിയ പാതകളിൽ<br>സിദ്ധന്മാരുടെ കാല്പാടിൽ<br>തെറ്റാതെന്നെ നയിക്കണമേ.<br><br>ദൈവപിതാവിൻ സൗഹൃദവും<br>സുതനുടെ കൃപയുമനുഗ്രഹവും<br>ദൈവാത്മാവിൻ പ്രീതിയുമെൻ<br>വഴിയിൽ വിശുദ്ധി വിരിക്കട്ടെ. |

## സ്നേഹത്തിന്റെ കല്പന (യോഹ. 13:34-35)

| **കാർമ്മി:** | **സമൂഹം:** |
|---|---|
| അന്നാപെസഹാത്തിരുനാളിൽ<br>കർത്താവരുളിയ കല്പനപോൽ<br>തിരുനാമത്തിൽ ചേർന്നീടാം<br>ഒരുമയോടി ബലിയർപ്പിക്കാം. | അനുരഞ്ജിതരായി ത്തീർന്നീടാം<br>നവമൊരു പീഠമൊരുക്കീടാം<br>ഗുരുവിൻ സ്നേഹമൊടീയാഗം<br>തിരുമുമ്പാകെ യണച്ചീടാം. |

## മാലാഖമാരുടെ കീർത്തനം (ലൂക്കാ 2:14)

**കാർമ്മി:** അത്യുന്നതമാം സ്വർല്ലോകത്തിൽ / സർവ്വേശനു സ്തുതി ഗീതം.

**സമൂഹം:** ഭൂമിയിലെങ്ങും മർത്ത്യനു ശാന്തി / പ്രത്യാശയു മെന്നേക്കും.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)***
അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ.
അങ്ങയുടെ തിരുമനസ്സ സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ.
ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ.
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ
ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ.
ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ.

ദുഷ്ടാരൂപിയിൽനിന്ന ഞങ്ങളെ രക്ഷിക്കണമെ.
എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും
എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ
സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

**ശുശ്രൂഷി**: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടു കൂടെ.

***(പകരം ഗാനം)***

**കാർമ്മി:**

സ്വർഗ്ഗസ്ഥിതനാം താതാ നിൻ / നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ / പരിശുദ്ധൻ നീ പരിശുദ്ധൻ.

**സമൂഹം:** *(രണ്ടു ഗണമായി തുടരുന്നു).*

സ്വർഗ്ഗസ്ഥിതനാം താതാ നിൻ / സ്തുതി തൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ / പാവനമായി വിളങ്ങുന്നു.

വാനവ മാനവ വൃന്ദങ്ങൾ / ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും / പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗ്ഗസ്ഥിതനാം താതാ നിൻ / നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ / നിൻ ഹിതമിവിടെ ഭവിക്കണമെ.

സ്വർഗ്ഗത്തെന്നതുപോലുലകിൽ / നിൻ ചിത്തം നിറവേറണമേ
ആവശ്യകമാമാഹാരം / ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ / ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കട ബാദ്ധ്യതയും / അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും / ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽ നിന്നെന്നും / ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും / രാജ്യം ശക്തിമഹത്വങ്ങൾ
താവകമല്ലോ കർത്താവേ / ആമ്മേനാമ്മേനെന്നേക്കും.

**ശുശ്രൂഷി**: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.



കർത്താവേ നീ പരിശുദ്ധൻ
ബലവാനേ നീ പരിശുദ്ധൻ (2)

സ്വർഗ്ഗസ്ഥനായ.................. നീയേ പ്രഭോ

## കുർബാന ഉയർത്തൽ

**സ്വർഗ്ഗം തുറന്നെൻ ചാരെ അണഞ്ഞ**
സ്നേഹ സ്വരൂപനാം യേശുനാഥാ (2)

അപ്പമായ് നീ എന്നിൽ പുതുജീവനേകുവാൻ
സ്നേഹ രഹസ്യമാം കൂദാശയായ്
സ്വർഗ്ഗം ................... യേശുനാഥാ

മരുഭൂവാകുമെൻ ഹൃദയ തലങ്ങളിൽ
ജീവന്റെ മന്നയായ് വന്നു നിറഞ്ഞിടൂ (2)

മുറിക്കപ്പെടുന്ന നിൻ ദിവ്യ ശരീരമെൻ
മുറിവുകൾക്കൊക്കെയും ഔഷധമായിടും
കൂട്ടായ്മയിൽ വളർന്നീടാനായ് - തിരു
ഓസ്തിയിൽ ഞാനും ലയിച്ചിടേണം.
സ്വർഗ്ഗം.......................യേശുനാഥാ

നിഴലുനിലാവുമായ് സുഖദുഃഖ ജീവിതം
ദിവ്യകാരുണ്യമേ നിന്നിൽ അർപ്പിച്ചിടാം (2)

എൻ പാപഭാരവും ക്ലേശങ്ങളൊക്കെയും
നിന്നിൽ ലയിക്കുകിൽ ഹിമമായ് അലഞ്ഞിടും
കുർബാനയായ് വന്നു വാണിടണേ
ഹൃദയം നിനക്കായ് ഒരുക്കീടാം ഞാൻ

സ്വർഗ്ഗം.......................യേശുനാഥാ

**********************

**ദൈവസ്നേഹം നിറഞ്ഞു നില്ക്കും**, ദിവ്യകാരുണ്യമേ
തളരുമെൻ മനസ്സിനു പുതുജീവൻ നല്കും, സ്വർഗ്ഗീയ ഭോജ്യമേ

മാലാഖമാരുടെ ഭോജനമേ, സ്വർഗ്ഗീയ ഭോജ്യമേ (2)

# ക്രിസ്തുമസ് രാത്രി - ഗാനങ്ങൾ

## കാഴ്ചസമർപ്പണം

**പൊന്നു മീറ കുന്തിരിക്കം** കാഴ്ചവെക്കാം നിൻ സന്നിധിയിൽ
ആരോമലെ അമലാ സുതനോ ആരാരിരോ ആരാരിരോ (2)

കുളിരുപെയ്യുമീരാവിൽ വാനിൽ തെളിയുന്ന ദിവ്യ താരകം (2)
അരുളീടുന്ന അവിടുത്തെ പിറവിതൻ ദിവ്യ സന്ദേശം (2)
പൊന്നു മീറ.......................

അറിയുന്നു നിന്നെ ഞങ്ങൾ നാഥാ അർപ്പിച്ചിടുന്നങ്ങേക്കാരാധന (2)
അവികല ശാന്തി നിറയുമീ തൊഴുത്തിൽ ആനന്ദം നിറയുമീരാവിൽ (2)
പൊന്നു മീറ .......................

## ഓശാന

**സ്വർഗ്ഗസ്ഥനായ നൽ പിതാവേ**
ബലവാനും കർത്താവും നീയേ പ്രഭോ (2)

സ്വർഗ്ഗീയ ദൂതർ ഒന്നു ചേർന്നു
സ്തുതി മീട്ടി ഞങ്ങൾ പാടീടുന്നു (2)
സ്വർഗ്ഗസ്ഥനായ................ നീയേ പ്രഭോ

കർത്താവേ നീ പരിശുദ്ധൻ
ബലവാനേ നീ പരിശുദ്ധൻ (2)

കർത്താവിൻ നാമത്തിൽ വന്നവനാം
ദാവീദാത്മജ നോശാനാ (2)

ഇനിയും വരുവോനനുഗ്രഹീതൻ
ഉന്നത വീഥിയിൽ ഓശാനാ (2)

കർത്താവേ നീ പരിശുദ്ധൻ
ബലവാനേ നീ പരിശുദ്ധൻ (2)

നീലാകാശവും മാമലനിരയും
പാലൊളി വിതറും ചന്ദ്രികയും (2)
തീരവും തീരങ്ങളും താരാഗണവും
പാടുന്ന ദൈവം പരിശുദ്ധൻ (2)



## ക്രിസ്തുമസ് രാത്രി

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷക്കുംവേണ്ടി അങ്ങയുടെ പ്രിയ പുത്രൻ കാരുണ്യപൂർവ്വം നല്കിയ ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിനു ബലഹീനരായ ഞങ്ങളെ ശക്തരാക്കണമെ. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## വർഷാവസാനം

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമെ അങ്ങയുടെ അനുഗ്രഹങ്ങൾക്ക് നന്ദി പറയുവാനും ഞങ്ങളുടെ പാപങ്ങൾക്ക് മാപ്പു ചോദിക്കുവാനുമായി ഈ വർഷത്തിന്റെ അവസാനത്തിൽ അങ്ങേ സന്നിധിയിൽ വന്നു കൂടിയിരിക്കുന്ന അങ്ങയുടെ മക്കളായ ഞങ്ങളെ തൃക്കൺപാർക്കണമേ. അനന്തമായ കാരുണ്യത്താൽ അങ്ങു ഞങ്ങളെ സൃഷ്ടിച്ചു. പാപത്തിന്റെ അടിമത്വത്തിൽ നിന്ന് ഞങ്ങളെ മോചിപ്പിച്ചു. തിരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിലേക്ക് വിളിക്കുകയും ചെയ്തു. എങ്കിലും അങ്ങയുടെ കൽപ്പനകൾ മറന്നു ഞങ്ങൾ പാപം ചെയ്തു പോയി. കാരുണ്യവാനായ കർത്താവേ പാപങ്ങൾ പൊറുത്തു ഞങ്ങളെ അനുഗ്രഹിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

## വർഷാരംഭം (ദൈവത്തെ സ്തുതിക്കുന്നു)

**കാർമ്മി:** ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവായ ദൈവമേ, എല്ലാറ്റിനേയും പരിപാലിക്കുന്ന കാരുണ്യവാനായ കർത്താവെ, പുതിയ വർഷത്തിന്റെ ആരംഭത്തിൽ ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

---

## *സങ്കീർത്തനം*

## ക്രിസ്തുമസ് രാത്രി

| **കാർമ്മി:** | **സമൂഹം:** |
|---|---|
| കർത്താവേ മമ രാജാവേ<br>പാടും നിൻപുകളെന്നും ഞാൻ<br>സകലേശാ നിൻ തിരുനാമം<br>വാഴ്ത്തീടും ഞാനനവരതം. | കർത്താവേ നിൻ സ്തുതിപാടും<br>അനുദിനമങ്ങയെ വാഴ്ത്തും ഞാൻ<br>നാഥൻ മഹിമനിറഞ്ഞവനും<br>പാരം സ്തുത്യനമെന്നെന്നും. |

| | |
|---|---|
| അനവദ്യൻ മമ നാഥാ നിൻ<br>മഹിമക്കളവില്ലറിവു ഞാൻ<br>തലമുറതലമുറയോടെന്നും<br>തവ കർമ്മങ്ങൾ വിവരിക്കും. | മഹനീയം നിൻ കീർത്തി സദാ<br>മഹിയിൽ വർണ്ണിച്ചീടും ഞാൻ. |
| നാഥാ നിൻ കരവിരുതെന്നും<br>നരകുലമഖിലം ഘോഷിക്കും | ഭീതിതമാം നിൻ മഹിമാവും<br>ശക്തിയുമത്ഭുത ചെയ്തികളും<br>വിരവൊടു കീർത്തിച്ചിടുമവർ<br>തവതിരുനാമം വാഴ്ത്തും ഞാൻ. |

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടു കൂടെ.

***(ക്രിസ്തുമസ് പേജ് 18 കാണുക / വർഷാരംഭം പേജ് 12 കാണുക)***

**വർഷാവസാനം (നന്ദി പ്രകടനം)**

**കാർമ്മി:** കർത്താവേ അങ്ങയോടു നന്ദി പറയുവാനും
അങ്ങേ നാമം പുകഴ്ത്തുവാനും ഞങ്ങൾ കടപ്പെട്ടവരാകുന്നു.

*(രണ്ടു ഗണമായി തുടരുന്നു).*

കർത്താവേ അങ്ങയോടു നന്ദി പറയുവാനും
അങ്ങേ നാമം പുകഴ്ത്തുവാനും / ഞങ്ങൾ കടപ്പെട്ടവരാകുന്നു.

ഓരോ ദിവസവും പ്രഭാതത്തിൽ / ഞാൻ അങ്ങേ കാരുണ്യം
പ്രകീർത്തിക്കും. സന്ധ്യാകാലത്ത് അങ്ങേ വിശ്വസ്തതയും.

വീണയും കിന്നരവും കൊണ്ട് / അങ്ങുന്ന് എന്നെ സന്തോഷിപ്പിച്ചു.
അവയിൽ ഞാൻ ആനന്ദിക്കുന്നു.

അങ്ങേ പ്രവർത്തികൾ എത്ര ഉൽകൃഷ്ടമാകുന്നു.
അങ്ങേ ചിന്തകൾ എത്ര അഗാധവുമാകുന്നു.

മൂഢനായ മനുഷ്യൻ അതറിയുന്നില്ല.
ഭോഷന്മാർക്ക് അതു ദുർഗ്രഹവുമാകുന്നു.

പാപികൾ പച്ചപ്പുല്ലുപോലെ തഴച്ചു വളരുന്നുണ്ടാകും.
ദുഷ്ടന്മാർ വിടർന്നു പുഷ്പിക്കുന്നുണ്ടാവും.

അവർ നീങ്ങുന്നത് നാശത്തിലേയ്ക്കാകുന്നു.
അങ്ങ് എന്നേയ്ക്കും അത്യുന്നതനാകുന്നു.

ഭൂവാസികളെ ദൈവത്തെ സ്തുതിക്കുവിൻ.
അവിടുത്തെ നാമത്തിനു കീർത്തനം പാടുവിൻ.

അത്ഭുതകരമായ പല കാര്യങ്ങളും
അവിടന്നു മനുഷ്യർക്കു വേണ്ടി ചെയ്തിട്ടുണ്ട്.



ച്ചപ്പോഴും മനഃസ്താപത്തിനു ഞങ്ങളെ വിളിച്ചുകൊണ്ടിരുന്ന ദൈവമേ.

**ശുശ്രൂഷി**: കണ്ണു കണ്ടിട്ടില്ലാത്തതും കാതു കേട്ടിട്ടില്ലാത്തതും ഹൃദയം ആസ്വദിച്ചിട്ടില്ലാത്തതുമായ അനുഭൂതിവിശേഷങ്ങൾ അയോഗ്യരായ ഞങ്ങൾക്കുവേണ്ടി തയ്യാറാക്കിയിരിക്കുന്ന ദൈവമേ.

**ശുശ്രൂഷി:** തിരുസ്സഭയുടെ അധിപനായ മാർ ബെനഡിക്ട് പാപ്പായേയും / ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ വർക്കി ശ്രേഷ്ഠ മെത്രാപ്പോലീത്തയേയും / ഞങ്ങളുടെ രൂപതാദ്ധ്യക്ഷനും പിതാവുമായ മാർ ജേക്കബ് മെത്രാനേയും / മാർ മാത്യു മെത്രാപ്പോലിത്തയേയും / മാർ ജോസഫ് മെത്രാനെയും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂഷി**: നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരേയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമ്മി:** കാരുണ്യവാനായ ദൈവമേ, ഈ വർഷത്തിൽ അങ്ങു ഞങ്ങൾക്കു നൽകിയ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു. വിചാരത്താലും വചനത്താലും പ്രവർത്തിയാലും ഞങ്ങൾ ചെയ്തുപോയ പാപങ്ങളെല്ലാം ഞങ്ങളോടു പൊറുക്കുകയും അങ്ങേ തൃക്കരങ്ങൾ നീട്ടി അങ്ങേ മക്കളായ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

---

**വർഷാരംഭം കാറോസൂസാ - പിറവിത്തിരുന്നാളിന്റേത്**

***(കുർബാനയുടെ തുടർന്നുള്ള ഭാഗത്തിന് സാധാരണ കുർബ്ബാന പുസ്തകം ഉപയോഗിക്കുക).***

മാർ ജേക്കബ് മെത്രാനേയും / മാർ മാത്യു മെത്രാപ്പോലിത്തയേയും / മാർ ജോസഫ് മെത്രാനെയും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂഷി**: നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരേയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമ്മി:** കർത്താവായ ദൈവമേ / ദൈവിക ജീവനിൽ ഞങ്ങളെ പങ്കുകാരാക്കുവാൻ / അങ്ങയുടെ തിരുക്കുമാരനെ ഞങ്ങൾക്കു നല്കിയതിന് അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു. നിത്യകന്യകയായ മറിയത്തോടും നീതിമാനായ യൗസേപ്പിനോടും / വിനീതരായ ആട്ടിടയരോടും കൂടെ / ഞങ്ങളും ദിവ്യപൈതലിനെ സ്വീകരിച്ച് ആരാധിക്കുന്നു. ദൈവമക്കൾക്ക് ഉചിതമായ ജീവിതം നയിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. മനുഷ്യാവതാരത്താൽ ധന്യരായ ഞങ്ങളുടെ ചിന്തയിലും പ്രവർത്തിയിലും / മിശിഹാ അവതീർണ്ണനാകുവാൻ അനുഗ്രഹിക്കുകയും ചെയ്യണമെ.

**സമൂഹം:** ആമ്മേൻ.

---

## കാറോസൂസാ - വർഷാവസാനം

**ശുശ്രൂഷി**: നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടും കൂടെ ദൈവത്തിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് അവിടുത്തോടു നന്ദി പറയാം.

**സമൂഹം:** ദൈവമേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു.

**ശുശ്രൂഷി**: അപകടം നിറഞ്ഞ വഴിയിലൂടെ സുരക്ഷിതമായി ഞങ്ങളെ നയിക്കുകയും വർഷത്തിന്റെ അവസാനം കാണുവാൻ അനുവദിക്കുകയു ചെയ്തു ദൈവമേ.

**ശുശ്രൂഷി**: ആത്മീകവും ശാരീരികവുമായ നിരവധി സഹായങ്ങൾ നല്കി ഞങ്ങളെ അനുഗ്രഹിച്ച പരമകാരുണികനായ ദൈവമേ.

**ശുശ്രൂഷി**: അങ്ങയുടെ കല്പനകൾ ഗൗനിക്കാതെ അലസമായി ജീവി



അവിടുന്നു നമുക്ക് ജീവൻ നല്കി.
നമ്മുടെ കാലുകൾ വഴുതിപ്പോകുവാൻ / അവിടന്ന് അനുവദിക്കയില്ല.

വെള്ളി പരിശോധിക്കുന്നതുപോലെ /ഞങ്ങളെ അവിടുന്നു പരിശോധിച്ചു.

ഞങ്ങളെ വലയിൽ അകപ്പെടുത്തുകയും
പീഡകൾക്ക് ഇരയാക്കുകയും ചെയ്തു.

തീയിലും വെള്ളത്തിലുംകൂടി / അങ്ങുന്നു ഞങ്ങളെ നടത്തി.

എങ്കിലും അതിന്റെ എല്ലാം അവസാനം
ആനന്ദത്തിലേയ്ക്കു ഞങ്ങളെ ആനയിച്ചു.

കൈകൾ നിറയെ കാഴ്ചകളുമായി
അങ്ങേ ഭവനത്തിലേയ്ക്ക് ഞങ്ങൾ വരുന്നു.

എന്റെ ആത്മാവേ കർത്താവിനെ വാഴ്ത്തുക.
അവിടുത്തെ അനുഗ്രഹങ്ങൾ മറക്കരുതെ.

നിന്റെ പാപങ്ങൾ അവിടുന്നു പൊറുക്കുന്നു.
നിന്റെ രോഗങ്ങൾ സുഖമാക്കുന്നു.

അവിടുന്നു പാപത്തിന്റെ ഗൗരവം നോക്കുന്നില്ല.
അതിന്റെ വലുപ്പമനുസ്സരിച്ചു ശിക്ഷിക്കുന്നുമില്ല.

ആകാശത്തോളം ഉയരുന്ന കാരുണ്യം
അവിടുന്നു തന്റെ ഭക്തരോടു പ്രദർശിപ്പിച്ചു.

ഉദയത്തെ അസ്തമയത്തിൽ നിന്നെന്നപോലെ
പാപത്തെ നമ്മിൽനിന്നകറ്റി.

പിതാവു മക്കളോടെന്നപോലെ
കർത്താവു തന്റെ ഭക്തരോടു കാരുണ്യം കാണിക്കുന്നു.

നമ്മൾ കേവലം പൊടിയാണെന്ന് / അവിടന്ന് അറിയുന്നുണ്ടല്ലോ.

മനുഷ്യജീവിതം പുൽക്കൊടിക്കു തുല്ല്യമാകുന്നു.
വയലിലെ പുഷ്പം പോലെ അതു വിരിയുന്നു.

ചുടുകാറ്റടിക്കുമ്പോൾ അതു വാടിപ്പോകുന്നു.
അതു നിന്നിരുന്ന സ്ഥലവും അജ്ഞാതമായിത്തീരുന്നു.

കർത്താവിനെ സ്നേഹിക്കുന്നവരുടെ മേൽ
അവിടുത്തെ അനുഗ്രഹമുണ്ടായിരിക്കും.

അങ്ങേയ്ക്ക് ആയിരം വത്സരങ്ങൾ / അസ്തമിച്ചൊരു ദിവസം പോലെയും
രാത്രിയുടെ ഒരു യാമം പോലെയുമാകുന്നു.

ലോകത്തിൽ മനുഷ്യന്റെ ജീവിതം / കിനാവു പോലെ കടന്നുപോകുന്നു.

ഹൃദയവിജ്ഞാനം പ്രാപിക്കുവാനായി
ഞങ്ങളുടെ ആയുസ്സിന്റെ ഹ്രസ്വത / ഞങ്ങൾക്കു മനസ്സിലാക്കിത്തരണമേ.

കർത്താവെ അങ്ങേ തിരുനാമം / ഭൂമിയിൽ എത്ര മഹനീയമാകുന്നു.

അങ്ങുന്നു മനുഷ്യനെ ഓർക്കുവാനോ / അവനെ സന്ദർശിക്കുവാനോ /
അവനെന്തു യോഗ്യതയുണ്ട്.

മാലാഖയിൽ നിന്നു വലിയ ഭേതമില്ലാതെ / അവനെ അങ്ങുന്നു സൃഷ്ടിച്ചു.

മഹിമയും ബഹുമാനവും കൊണ്ട് / അങ്ങുന്നു അവരെ അലങ്കരിച്ചു.

അങ്ങേ സകല സൃഷ്ടികളുടെയും മേൽ / അവന് അധികാരം കൊടുത്തു.

നല്ലവനായ കർത്താവിനെ സ്തുതിക്കുവിൻ.
അത്യുന്നതനായ ദൈവത്തെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ / അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

തന്റെ അനന്തമായ ജ്ഞാനത്താൽ
ആകാശം സൃഷ്ടിച്ചവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ / അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

പകലിനെ ഭരിക്കുവാൻ വേണ്ടി / സൂര്യനെ സൃഷ്ടിച്ചവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ / അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

രാത്രിയെ ഭരിക്കുവാൻ വേണ്ടി
ചന്ദ്രതാരങ്ങളെ സൃഷ്ടിച്ചവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ / അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

നമ്മുടെ സങ്കടകാലങ്ങളിൽ / നമ്മെ ഓർത്തവനെ സ്തുതിക്കുവിൻ.



## കാറോസൂസാ - ക്രിസ്തുമസ് രാത്രി

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെ നിന്നു മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ തന്റെ പുത്രനെ ലോകത്തിലേക്കയച്ച പിതാവായ ദൈവത്തെ സ്തുതിക്കാം.

**സമൂഹം:** ദൈവമേ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** അങ്ങയുടെ തിരുക്കുമാരനെ ഞങ്ങൾക്കു നല്കത്തക്കവിധം ലോകത്തെ സ്നേഹിച്ച പിതാവായ ദൈവമേ.

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** ദരിദ്രരെ പരിപാലിക്കുവാനും കരയുന്നവരെ ആശ്വസിപ്പിക്കുവാനുമായി അങ്ങയുടെ പുത്രനെ ലോകത്തിലേക്കയച്ച ദൈവമേ.

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** ഭക്തരായ മനുഷ്യർക്കു സമാധാനം ആശംസിക്കുവാൻ പരിശുദ്ധരായ മാലാഖമാരെ നിയോഗിച്ച ദൈവമേ.

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** പാവപ്പെട്ട ഇടയന്മാർക്ക് രക്ഷയുടെ മഹാരഹസ്യം വെളിപ്പെടുത്തിക്കൊടുത്ത ദൈവമേ.

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** പുതിയ നക്ഷത്രം ഉദിപ്പിച്ചുകൊണ്ട് വിനീതരായ ശാസ്ത്രജ്ഞന്മാരെ ബേസ്ലഹമിലേക്കു വിളിച്ച ദൈവമേ

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** രക്ഷകനെ കാത്തിരുന്ന് അസ്വസ്ഥമായ ലോകത്തെ ആനന്ദിപ്പിച്ച ദൈവമേ.

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** തിരുസ്സഭയുടെ അധിപനായ മാർ ബെനഡിക്ട് പാപ്പായേയും / ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ വർക്കി ശ്രേഷ്ഠ മെത്രാപ്പോലീത്തയേയും / ഞങ്ങളുടെ രൂപതാദ്ധ്യക്ഷനും പിതാവുമായ

## *ഒരുക്ക ശുശ്രൂഷ (മിശിഹായുടെ പീഡാനുഭവ സ്മരണ)*

*(കാറോസൂസയുടെ സമയത്ത് കാർമ്മികൻ ധൂപകലശം വഹിക്കുന്ന ശുശ്രൂഷിയോടുകൂടെ വലത്തുവശത്തുള്ള ഉപപീഠത്തിങ്കലേക്കു പോയി താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് കാസ എടുത്ത് ശുശ്രൂഷിയുടെ നേരെ തിരിഞ്ഞ് റൂശ്മ ചെയ്യുകയും ശുശ്രൂഷി അതിനെ ധൂപിക്കുകയും ചെയ്യുന്നു).*

**കാർമ്മി**: കർത്താവായ ദൈവമേ പരിമള സസ്യങ്ങളുടെയും സുഗന്ധ ദ്രവ്യങ്ങളുടെയും നാഥാ വാഗ്ദാന പേടകത്തിന്റെ താല്ക്കാലിക കൂടാരത്തിൽ ശ്രേഷ്ഠപുരോഹിതനായ അഹറോന്റെ കാസയെ എന്നതുപോലെ ഈ കാസയേയും അങ്ങു സുഗന്ധപൂരിതമാക്കണമെ. പിതാവിന്റെയും പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ.

*(കാസായിൽ വീഞ്ഞും വെള്ളവും ഒഴിച്ചുകൊണ്ട്)*
**കാർമ്മി**: നമ്മുടെ കർത്താവീശോമിശിഹായുടെ കാസായിൽ അവിടുത്തെ അമൂല്യമായ തിരുരക്തം ഒഴിക്കപ്പെടുന്നു. പിതാവിന്റെയും + പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

പടയാളികളിൽ ഒരുവൻ വന്ന് നമ്മുടെ കർത്താവിന്റെ തിരുവിലാവിൽ കുന്തം കൊണ്ട് കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു. അതുകണ്ട ആൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ആ സാക്ഷ്യം സത്യവുമാകുന്നു. പിതാവിന്റെയും + പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

വീഞ്ഞ് വെള്ളത്തോടും വെള്ളം വീഞ്ഞിനോടുംകൂടി കലർത്തപ്പെടുന്നു. പിതാവിന്റെയും + പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

*(ഇടത്തുവശത്തെ ബേസ്ഗസായിൽ ചെന്ന് പീലാസാ ധൂപിച്ചുകൊണ്ട് ചൊല്ലുന്നു)* കർത്താവായ ദൈവമേ, വാഗ്ദാനപേടകത്തിന്റെ താല്ക്കാലിക കൂടാരത്തിൽ ശ്രേഷ്ഠപുരോഹിതനായ അഹറോന്റെ പീലാസയെ എന്നതുപോലെ ഈ പീലാസയെയും സുഗന്ധപൂരിതമാക്കണമേ. പിതാവിന്റെയും + പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

*(അപ്പമെടുത്ത് പീലാസയെ ആശീർവ്വദിച്ചുകൊണ്ട്)*
നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശ്ശരീരംകൊണ്ട് ഈ പീലാസ റൂശ്മാ ചെയ്യപ്പെടുന്നു. പിതാവിന്റെയും + പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.



എന്തുകൊണ്ടെന്നാൽ / അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

നമ്മുടെ ശത്രുക്കളിൽ നിന്നെല്ലാം
നമ്മെ രക്ഷിച്ചവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ / അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

ലോകത്തിലുള്ള ജീവികൾക്കെല്ലാം
ആഹാരം നല്കുന്നവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ / അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** പ്രകൃത്യാ മറഞ്ഞിരിക്കുന്നവനും പ്രവൃത്തികളാൽ സ്വയം വെളിപ്പെടുത്തുന്നവനുമായ ദൈവമേ, ആകാശവും ഭൂമിയും അങ്ങേ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്നു. അങ്ങേയ്ക്ക് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

**കാൽത്താ**

**കാർമ്മി:** പോയ്മറയുന്നീ ക്ഷണഭംഗുരമാം
ലോകവുമതിലെ ജഡികാശകളും.

**സമൂഹം:** അക്ഷയരാജ്യം നേടാനുതകും
നിക്ഷേപങ്ങൾ കരുതുക നമ്മൾ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** ശൂന്യതയിൽ നിന്നു ഞങ്ങളെ സൃഷ്ടിക്കുകയും പാപങ്ങളിൽ നിന്നു ഞങ്ങളെ രക്ഷിക്കുകയും ചെയ്ത കാരുണ്യവാനായ കർത്താവേ, അങ്ങയുടെ അനുഗ്രഹങ്ങൾക്കു വേണ്ടി ഞങ്ങൾ അങ്ങയോടു നന്ദി പറയുകയും സ്നേഹം നിറഞ്ഞ ഹൃദയത്തോടെ സ്തുതിച്ചാരാധിക്കുകയും ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

## സ്തോത്രഗീതം

ദൈവമേ നിൻ ദിവ്യദാനങ്ങൾക്കായ്
നന്ദിയോടെ ഞങ്ങൾ നിന്നെ വാഴ്ത്തുന്നു.
അപകടങ്ങളിൽ വീഴാതെ
വീണുപോയാൽത്താഴാതെ
അനുദിനം ഞങ്ങളെ നീ
കാത്തുപോന്നല്ലോ. (2)    ദൈവമേ ...............

പാപത്തിൻ വഴിയിലും
ശോകത്തിൻ ചുഴിയിലും
തൃക്കരങ്ങൾ നീട്ടി ഞങ്ങൾ -
ക്കാശ്രയം നൽകി. (2)   ദൈവമേ ...............

ആത്മാവിലാശളുകി
അന്നന്നു ഭോജ്യമേകി
എന്നുമെന്നും ഞങ്ങളിൽ നീ
വാണിടുന്നല്ലോ. (2) ദൈവമേ ...............

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടു കൂടെ.

*(ജീവിതകാലത്ത്, പ്രത്യേകിച്ച് ഈ വർഷത്തിൽ, ചെയ്തുപോയ പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുന്നു)*

**കാർമ്മി:** പശ്ചാത്താപിക്കുന്ന പാപികളെ കാരുണ്യപൂർവ്വം സ്വീകരിക്കുന്ന സ്നേഹസമ്പന്നനായ ദൈവമേ, ഞങ്ങളുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുകയും, അങ്ങയുടെ അനുഗ്രഹവും സഹായവും ഞങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ദൈവമേ എന്നോടു കരുണ തോന്നണമേ.
ദയാപൂർവ്വം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

*(രണ്ടു ഗണമായി തുടരുന്നു).*

ദൈവമേ എന്നോടു കരുണ തോന്നണമെ.
ദയാപൂർവ്വം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.



ദൂരെ നിന്നും ........... (*മ്യൂസിക്*)

വാനം തെളിഞ്ഞു.............

ദൂരെ നിന്നും ........... (*മ്യൂസിക്*)

വെള്ളിനിലാവിൻ കുളിരലയിൽ നീരാടിയെത്തിയ രാക്കുയിലുകൾ (*മ്യൂസിക്*) (2)

നവസ്വരമഞ്ജരിയിൽ ഒരു മനസോടെ നാഥനെ വാഴ്ത്തി പാടുന്നു. (*മ്യൂസിക്*)

ദൂരെ നിന്നും ........... (*മ്യൂസിക്*)

വാനം തെളിഞ്ഞു.............

ദൂരെ നിന്നും ........... (*മ്യൂസിക്*)

*(പ്രദക്ഷിണം സമാപിക്കുമ്പോൾ രൂപം ക്രിബ്ബിൽ സ്ഥാപിച്ച് ധൂപിക്കുന്നു).*

---

**വർഷാവസാനം / വർഷാരംഭം**

**കാർമ്മി:** വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം. (*വർഷാവസാനം 13:6-9 വർഷാരംഭം 2: 15-21).*



**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

*(കാർമ്മികൻ സുവിശേഷം വായിക്കുന്നു. രണ്ടു ശുശ്രൂഷികൾ കത്തിച്ച തിരികളുമായി കാർമ്മികന്റെ ഇരുവശവും നില്ക്കുന്നു. സഹായി മുമ്പിൽ നിന്ന് ധൂപാർച്ചന നടത്തുന്നു. വായന തീരുമ്പോൾ)*

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

---

*(പ്രസംഗമുണ്ടെങ്കിൽ ആ സമയത്ത് എല്ലാവരും ഇരിക്കുന്നു. കാറോസൂസായുടെ സമയത്ത് എല്ലാവരും നില്ക്കുന്നു).*

***കാറോസൂസാ: ക്രിസ്തുമസ് രാത്രി പേജ് 29***
***വർഷാവസാനം പേജ് 30***

വർക്കും തന്റെ നാമത്തിൽ വിശ്വസിച്ചവർക്കും ദൈവമക്കളാകുവാൻ അവിടന്ന് അവകാശം നല്കി. അവിടുത്തെ ജനനം ദൈവത്തിൽ നിന്നാകുന്നു. മനുഷ്യരിൽനിന്നല്ല; ശരീരത്തിന്റെയോ മനസ്സിന്റെയോ ഇച്ഛയിൽനിന്നുമല്ല. **വചനം മനുഷ്യനായി നമ്മുടെയിടയിൽ വസിച്ചു: അവിടുത്തെ മഹത്വം നാം ദർശിച്ചു.**

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

***(ക്രിബ്ബിന്റെ വിരി മാറ്റുന്നു. മണിയടിക്കുന്നു. എല്ലാവരും മുട്ടുകുത്തി താഴെ കൊടുത്തിരിക്കുന്ന പാട്ടു പാടുന്നു. കാർമ്മികൻ ധൂപം വെഞ്ചരിച്ചു വീശുന്നു.)***

## ഗാനം

ദൈവത്തിൻ പുത്രൻ ജനിച്ചു
നരനായ് ജഗത്തിൽ ജനിച്ചു
ഇരുളിൽ പ്രകാശം തെളിഞ്ഞു
കരളിൽ പ്രമോദം നിറഞ്ഞു. ദൈവത്തിൻ ..................

## പ്രദക്ഷിണം (ഗാനം)

ദൂരെ നിന്നും, ദൂരെ ദൂരെ നിന്നും, മരുഭൂവിൻ വഴികളിലൂടെ
ഒരു കാലിതൊഴുത്തുതേടി, മൂന്നു രാജാക്കന്മാരെത്തീ *(മ്യൂസിക്) (2)*

വാനം തെളിഞ്ഞു നിന്നു, ദിവ്യ താരം തിളങ്ങിനിന്നു (2)
മാലാഖമാരവർ വാനവീഥികളിൽ, സ്തുതി ഗീതങ്ങൾ പാടി (2)
ദൂരെ നിന്നും .............

ലാ. ലാ. ലാ. ലാ. ലാ. ലാ. ലാ. ലാ. ലാ. (4) *(മ്യൂസിക്)*

മഞ്ഞിൻ തുള്ളികൾ തഴുകിയുറങ്ങും, ബേത്‌ലഹേമിൻ വഴികളിലൂടെ
(*മ്യൂസിക്*)
മഞ്ഞിൻ തുള്ളികൾ തഴുകിയുറങ്ങും, ബേദലഹേമിൻ വഴികളിലൂടെ
ഒരു പുല്ക്കൂടിൽ തേടി ദേവ സുതനേ തേടി ഇടയന്മാരുമണഞ്ഞല്ലോ.
(*മ്യൂസിക്*)

അവർ കാലിതൊഴുത്തു കണ്ടു, അവർ സ്വർഗ്ഗീയ ഗാനം കേട്ടു (2)
മരിയാസുതനായ് പുൽക്കൂട്ടിൽ മരുവും മിശിഹാ നാഥനെ കണ്ടു (2)



എന്റെ അപരാധങ്ങൾ കഴുകിക്കളയുകയും
തെറ്റുകൾ തുടച്ചുമാറ്റുകയും ചെയ്യണമേ.

എന്തെന്നാൽ എന്റെ പാപങ്ങൾ ഞാനറിയുന്നു.
ഞാൻ അവയെല്ലാം കണ്ടുകൊണ്ടിരിക്കുന്നു.

അങ്ങേയ്ക്കെതിരായി ഞാൻ പാപം ചെയ്തുപോയി.
അങ്ങേ സന്നിധിയിൽ ഞാൻ തിന്മ പ്രവർത്തിച്ചു.

അങ്ങേ വചനങ്ങൾ നീതിയുക്തമാകുന്നു.
അങ്ങേ വിധികൾ വിജയിക്കുകയും ചെയ്യും.

ഞാൻ പാപത്തോടുകൂടി ജനിച്ചിരിക്കുന്നു.
എന്റെ ഉത്ഭവം തന്നെ തിന്മയിലാകുന്നു.

അങ്ങു സത്യവാനാണല്ലോ.
അങ്ങേ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ / എന്നെയും പഠിപ്പിക്കണമെ.

പരിമള തൈലംകൊണ്ട് എന്നെ തളിക്കണമേ.
ഞാൻ ശുദ്ധിയുള്ളവനാകട്ടെ.

അതിൽ എന്നെ കഴുകണമെ. / ഞാൻ മഞ്ഞിനേക്കാൾ നിർമ്മലനാകട്ടെ.

അങ്ങേ സന്തോഷം എനിക്കു നല്കേണമേ.
ഞാൻ അതിൽ ആനന്ദം കൊള്ളട്ടെ.

എന്റെ പാപങ്ങളിൽ നിന്നു മുഖം തിരിക്കണമേ.
എന്റെ അപരാധങ്ങൾ മായിച്ചു കളയണമേ.

നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ.
എന്റെ മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യണമേ.

അങ്ങേ തിരുസന്നിധിയിൽ നിന്ന്
എന്നെ ഒരിക്കലും തള്ളിക്കളയരുതേ.

അങ്ങേ പരിശുദ്ധാത്മാവിനെ / എന്നിൽ നിന്ന് എടുത്തുകളയരുതേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

## കീർത്തനം

മനുജനു ജന്മം നല്കിയ നാഥാ / വിനയമൊടങ്ങയെ വാഴ്ത്തീടുന്നു.

വരുവിൻ വിരവൊടു, വരുവിൻ ജീവൻ / പിരിയും മുമ്പേ നാഥനെ വാഴ്ത്താം.

ജിതമാനസരാം സുകൃതികളെന്നും / ജീവിക്കുന്നു മൃതിയുടെ വിളിയും.

പകലുള്ളപ്പോളധ്വാനിപ്പിൻ / തമസ്സുവരുന്നു മൃതിയുടെ വിളിയും.

ജാഗരണത്താൽ മങ്ങിയ വദനം / കനകപ്രഭയിൽ മുങ്ങിവിളങ്ങും.

നിത്യപിതാവിനു കീർത്തനമെന്നും / സുതനും പരിശുദ്ധാത്മാവിനും.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടു കൂടെ.

*(പേജ് 18 കാണുക)*

---

## വർഷാരംഭം

**കാർമ്മി:** ഭൂവാസികളെ കർത്താവിനെ സ്തുതിക്കുവിൻ.
സന്തോഷപൂർവ്വം അവിടുത്തെ പൂജിക്കുവിൻ.

(രണ്ടു ഗണമായി തുടരുന്നു).

ഭൂവാസികളെ കർത്താവിനെ സ്തുതിക്കുവിൻ.
സന്തോഷപൂർവ്വം അവിടുത്തെ പൂജിക്കുവിൻ.

കീർത്തനങ്ങൾ പാടിക്കൊണ്ട് / നമ്മുടെ കർത്താവും ദൈവവുമായ /
അവിടുത്തെ തിരുമുമ്പിൽ പ്രവേശിക്കുവിൻ.

അവിടുന്നു നമ്മുടെ സ്രഷ്ടാവാകുന്നു. നാം അവിടുത്തെ ജനങ്ങളുമാകുന്നു.

സ്തോത്രങ്ങൾ പാടിക്കൊണ്ട്
അവിടുത്തെ പടിവാതിലുകൾ കടക്കുവിൻ.

കീർത്തനങ്ങൾ ആലപിച്ചുകൊണ്ട്
അങ്കണത്തിലേക്കു പ്രവേശിക്കുവിൻ.

നന്ദി നിറഞ്ഞ ഹൃദയത്തോടെ / അവിടുത്തെ നാമം പ്രകീർത്തിക്കുവിൻ.

കർത്താവു നല്ലവനും കാരുണ്യവാനുമാകുന്നു.
അവിടുത്തെ വിശ്വസ്തത എന്നും നിലനില്ക്കും.



ടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

**ശുശ്രൂഷി:** ആമ്മേൻ.

*(സുവിശേഷ വായനയുടെ സമയത്തു ശുശ്രൂഷി ധൂപാർച്ചന നടത്തുന്നു.)*

**ശുശ്രൂഷി:** നമുക്ക് ശ്രദ്ധാപൂർവ്വം നിന്ന് പരിശുദ്ധ സുവിശേഷം ശ്രവിക്കാം.



**കാർമ്മി:** സമാധാനം + നിങ്ങളോടു കൂടെ.

**സമൂഹം:** അങ്ങയോടും അങ്ങയുടെ ആത്മാവോടും കൂടെ.

*(കാർമ്മികൻ സുവിശേഷം വായിക്കുന്നു. രണ്ടു ശുശ്രൂഷികൾ കത്തിച്ച തിരികളുമായി കാർമ്മികന്റെ ഇരുവശവും നില്ക്കുന്നു. സഹായി മുമ്പിൽ നിന്ന് ധൂപാർച്ചന നടത്തുന്നു).*

**(വർഷാവസാനം / വർഷാരംഭം പേജ് 27 കാണുക)**

## ക്രിസ്തുമസ് രാത്രി

**കാർമ്മി:** വിശുദ്ധ യോഹന്നാൻ (1;1-4) അറിയിച്ച നമ്മുടെ നമ്മുടെ കർത്താവീ ശോമിശിഹായുടെ പരിശുദ്ധ സുവിശേഷം.

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹാക്കു സ്തുതി.

**കാർമ്മി:** ആദിയിലേ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെ ആയിരുന്നു. ദൈവം തന്നെയായിരുന്നു ആ വചനം. അവിടുന്ന് ആദിയിൽത്തന്നെ ദൈവത്തോടുകൂടെ ആയിരുന്നു. ആ വചനം വഴിയാണു സമസ്തവും ഉണ്ടായത്. അവിടുത്തെക്കൂടാതെ യാതൊന്നും ഉണ്ടായിട്ടില്ല. ആ വചനത്തിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം അന്ധകാരത്തിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കുവാൻ അന്ധകാരത്തിനു കഴിഞ്ഞില്ല. ലോകത്തിലേക്കു വരുന്ന എല്ലാ മനുഷ്യരേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമായിരുന്നു ആ വചനം. അവിടുന്നു ലോകത്തിലുണ്ടായിരുന്നു. ലോകത്തെ സൃഷ്ടിച്ചതും അവിടുന്നാണ്. എങ്കിലും ലോകം അവിടുത്തെ അറിഞ്ഞില്ല. അവിടുന്നു സ്വന്തം ജനങ്ങളുടെ അടുക്കലേക്കു വന്നു. എന്നാൽ അവർ അവിടുത്തെ സ്വീകരിച്ചില്ല. തന്നെ സ്വീകരിച്ച

*(വർഷാരംഭം)* സഹോദരരേ, വിശുദ്ധ പൗലോസ് ശ്ലീഹാ ഫിലിപ്പിയർക്ക് *(2:4-11)* എഴുതിയ ലേഖനം.



*(കാർമ്മികനു നേരെ തിരിഞ്ഞ്)* ഇൗറോ ആശീർവ്വദിക്കണമേ.

**കാർമ്മി:** മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

*(ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു).*
*(വായന തീരുമ്പോൾ)*

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

---

## ഹല്ലേലൂയ്യാ ഗീതം

*(സുവിശേഷ വചനങ്ങൾ ശ്രവിക്കുവാൻ തയ്യാറാകുന്ന ആരാധനാ സമൂഹത്തിന്റെ സന്തോഷ പ്രകടനം).*

| | |
|---|---|
| ഹല്ലേലൂയ്യ പാടീടുന്നേൻ<br>ഹല്ലേലൂയ്യ ഹല്ലേലൂയ്യ | തൂലികപോലെൻ നാവിപ്പോൾ |
| നല്ലോരാശയമെൻ മനതാരിൽ<br>വന്നു നിറഞ്ഞു തുളുമ്പീടുന്നു | താതനുമതുപോൽ സുതനും<br>പരിശുദ്ധാന്മാവിനും സ്തുതിയുയരട്ടെ |
| രാജാവിൻ തിരുമുമ്പിൽ കീർത്തന<br>മധുവായ് ഞാനതൊഴുക്കീടട്ടെ | ആദിമുതൽക്കേയിന്നും നിത്യവു<br>മായി ഭവിച്ചീടട്ടെ ആമ്മേൻ. |
| ഏറ്റമനുഗ്രഹ പൂരിതനാംകവിതൻ | ഹല്ലേലൂയ്യ പാടീടുന്നേൻ<br>ഹല്ലേലൂയ്യ ഹല്ലേലൂയ്യ |

**ഗാനം:** സത്യവചനം നിത്യവചനം / മന്നിൽ രക്ഷയേകും തിരുവചനം
ഇന്നലെയുമിന്നുമെന്നെന്നും / ജീവിക്കുന്ന ദിവ്യവചനം. ഹാലേലൂയ്യ 8

കാതുകളിൽ ഇമ്പമാകും വചനം / കണ്ണുകളിൽ ശോഭ നല്കും വചനം
ഹൃത്തടത്തിൽ ജീവനേകും വചനം / നേർവഴികൾ കാട്ടിടും വചനം.
ഹാലേലൂയ്യ 8



*(ഗാന സമയത്ത് കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു).*

**കാർമ്മി:** എന്റെ കർത്താവേ പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ / നിന്നിൽ നിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ + കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളു



കർത്താവിന്റെ വിശുദ്ധ ഭവനത്തിൽ / അവിടുത്തെ സ്തുതിക്കുവിൻ.

പ്രതാപം നിറഞ്ഞ ആകാശത്തിൽ / അവിടുത്തെ പ്രകീർത്തിക്കുവിൻ.

കർത്താവിന്റെ അത്ഭുതകൃത്യങ്ങളെക്കുറിച്ച് / അവിടുത്തെ സ്തുതിക്കുവിൻ.

കാഹളമൂതിക്കൊണ്ട് / കർത്താവിനെ സ്തുതിക്കുവിൻ.

വീണകളാലും കിന്നരങ്ങളാലും / കർത്താവിനെ സ്തുതിക്കുവിൻ.

തപ്പുകളാലും മദ്ദളങ്ങളാലും / കർത്താവിനെ സ്തുതിക്കുവിൻ.

ആരവംകൊണ്ടും ആർപ്പുവിളികൊണ്ടും / കർത്താവിനെ സ്തുതിക്കുവിൻ.

സർവ്വ ജീവജാലങ്ങളും / കർത്താവിനെ സ്തുതിക്കട്ടെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(ദൈവമാണു നമ്മുടെ ആശ്രയമെന്ന് ഏറ്റുപറയുന്നു).*

**കാർമ്മി:** ആകാശപ്പറവകളെ പോറ്റുകയും വയലിലെ പുഷ്പങ്ങളെ അലങ്കരിക്കുകയും ചെയ്യുന്ന കാരുണ്യവാനും സ്നേഹസമ്പന്നനുമായ ദൈവമേ, പുതിയ വർഷത്തിന്റെ ആരംഭത്തിൽ ഞങ്ങളുടെ ആത്മാവിനെയും ശരീരത്തേയും ഞങ്ങൾ അങ്ങേക്കു സമർപ്പിക്കുന്നു. ജീവിതത്തിന്റെ എല്ലാ ദിവസവും അങ്ങു ഞങ്ങളുടെ ആശ്രയമായിരിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ദൈവമേ ഞാൻ അങ്ങയെ ആശ്രയിക്കുന്നു.
അങ്ങുന്നു എന്നെ രക്ഷിക്കണമേ.

(രണ്ടു ഗണമായി തുടരുന്നു).

ദൈവമേ ഞാൻ അങ്ങയെ ആശ്രയിക്കുന്നു.
അങ്ങുന്നു എന്നെ രക്ഷിക്കണമേ.

എന്റെ നാഥൻ അങ്ങുതന്നെയാകുന്നുവെന്ന്
കർത്താവിനോടു ഞാൻ ഏറ്റു പറഞ്ഞു.

അങ്ങയെ കൂടാതെ / എനിക്ക് ഐശ്വര്യമുണ്ടാകുകയില്ല.

എന്റെ അവകാശവും പാനപാത്രവും / കർത്താവാകുന്നു.

എന്റെ അവകാശം തിരിച്ചുതരുന്നതും / അവിടുന്നു തന്നെയാകുന്നു.

കർത്താവ് എപ്പോഴും എന്റെ മുമ്പിൽ നില്ക്കുന്നു.
അവിടുന്നു എന്റെ വലത്തുഭാഗത്തുള്ളപ്പോൾ
ഞാൻ ഒട്ടും ഭയപ്പെടുകയില്ല.

കർത്താവിനെ ആശ്രയിക്കുന്നവർ / ഒരു കാലത്തും പേടിക്കുകയില്ല.

സെഹിയോൻ പർവ്വതം പോലെ / അവർ ഉറച്ചു നില്ക്കും.

മലകൾ ഓറശ്ലത്തെ എന്നപോലെ
കർത്താവു തന്റെ ജനത്തെ വലയം ചെയ്തു രക്ഷിക്കുന്നു.

അത്യുന്നതന്റെ സംരക്ഷണമുള്ളവനും
ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും / ഭാഗ്യവാനാകുന്നു.

എന്റെ ആശ്രയവും സങ്കേതവും അങ്ങുന്നാകുന്നുവെന്ന്
കർത്താവിനോടു പറയുക.

ദുഷ്ടന്മാരുടെ കെണിയിൽ നിന്നും
വ്യർത്ഥമായ സംഭാഷണത്തിൽ നിന്നും / അവിടുന്നു നിന്നെ രക്ഷിക്കും.

തന്റെ തൂവലുകൾകൊണ്ട് / അവിടുന്നു നിന്നെ മറച്ചുകൊള്ളും.

തന്റെ ചിറകുകളുടെ കീഴിൽ / അവിടുന്നു നിന്നെ കാത്തുകൊള്ളും.

നിന്റെ സങ്കേതം കർത്താവാകുന്നു. / അത്യുന്നതൻ നിന്റെ കോട്ടയാകുന്നു.

നിനക്കു യാതൊരു തിന്മയും വരികയില്ല.
ബാധകൾ നിന്റെ കൂടാരത്തെ ഉപദ്രവിക്കയില്ല.

വഴികളിൽ നിന്നെ സംരക്ഷിക്കുവാൻ
അവിടുന്നു മാലാഖമാരോടു കല്പിക്കും.

നിന്റെ പാദം കല്ലിന്മേൽ തട്ടാതെ
കരങ്ങളിൽ നിന്നെ അവർ വഹിച്ചുകൊള്ളും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.



## രണ്ടാം വായന

### ക്രിസ്തുമസ് രാത്രി

**ശുശ്രൂഷി:** ഇസ്രായേൽക്കാർ ഈജിപ്തിലെ അടിമത്വത്തിൽനിന്നു മോചനം പ്രാപിച്ചു സ്വന്തം നാട്ടിലേക്ക് മടങ്ങുന്നവഴി മൊവാബ് എന്ന രാജ്യത്തിൽ തല്ക്കാലത്തേക്ക് പാളയമടിച്ചു താമസിച്ചു. അവിടുത്തെ രാജാവായിരുന്ന ബലാക്കിന് അത് ഇഷ്ടമായില്ല. തന്റെ രാജ്യം അവർ കൊള്ളചെയ്യുമെന്ന് അദ്ദേഹം ഭയപ്പെട്ടു. അതിനാൽ അവരെ ശപിക്കുവാനായി ബാലാം എന്നൊരാളെ അദ്ദേഹം ആളയച്ചു വരുത്തി. അയാൾ ഇസ്രായേൽക്കാരെ ശപിക്കുന്നതിനു പകരം, ദൈവപ്രേരിതനായി അവരെ അനുഗ്രഹിക്കുകയാണ് ചെയ്തത്. മാത്രമല്ല അവരുടെ ഭാവിയെപ്പറ്റി അദ്ദേഹം പ്രവചിക്കുകയും ചെയ്തു. ആ പ്രവചനത്തിൽ മിശിഹായുടെ വരവിനെ സൂചിപ്പിക്കുന്ന ഭാഗമാണ് ഇവിടെ വായിക്കാൻ പോകുന്നത്.

**വായിക്കുന്ന ആൾ:** സംഖ്യയുടെ (24:15-19) പുസ്തകത്തിൽ നിന്നുള്ള വായന.



*(കാർമ്മികനു നേരെ തിരിഞ്ഞ്)* ഉരോ ആശീർവ്വദിക്കണമേ.

**കാർമ്മി:** മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

*(ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു).*

**വായിക്കുന്ന ആൾ:** അപ്പോൾ ബാലാം ഇങ്ങനെ ഉദ്ഘോഷിച്ചു. "ബെയോറിന്റെ പുത്രനും ദീർഘദർശിയുമായ ബാലാമിന്റെ വെളിപാട്" ദൈവത്തിന്റെ അരുളപ്പാടു കേൾക്കുന്നവനും, ദൈവത്തിന്റെ വിജ്ഞാനം ഗ്രഹിക്കുന്നവനുമായ ബാലാമിന്റെ വെളിപാട്. യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും: ഇസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും. അതു മൊവാബിലെ പ്രമാണികളെ തകർക്കും. സേത്തിന്റെ മക്കളെയെല്ലാം നശിപ്പിക്കും. ആദോം അവൻ കൈവശപ്പെടുത്തും. സോർ അവന്റെ കീഴിലാകും. യാക്കോബിൽ നിന്ന് ഒരാൾ രാജ്യം ഭരിക്കും. പട്ടണത്തിൽനിന്ന് ഒളിച്ചോടുന്നവനെ അവൻ നശിപ്പിക്കുകയും ചെയ്യും.

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹാക്കു സ്തുതി.

---

### വർഷാവസാനം / വർഷാരംഭം

**വായിക്കുന്ന ആൾ:** *(വർഷാവസാനം)* സഹോദരരേ, വിശുദ്ധ പൗലോസ് ശ്ലീഹാ എഫേസ്യർക്ക് *(1:3-14)* എഴുതിയ ലേഖനം.

*(കാർമ്മികനു നേരെ തിരിഞ്ഞ്)* ഗുരോ ആശീർവ്വദിക്കണമേ.

**കാർമ്മി:** ദൈവം നിന്നെ + അനുഗ്രഹിക്കട്ടെ.

*(വായന തീരുമ്പോൾ)*

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**ശുശ്രൂഷി:** പ്രകീർത്തനം ആലപിക്കുവാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.

---

**കാർമ്മി:** അംബരമനവരതം, ദൈവമഹത്വത്തെ, വാഴ്ത്തിപ്പാടുന്നു.

**സമൂഹം:**
ദിവ്യാത്മാവിൻ ഗീതികളാൽ, ഹല്ലേലുയ്യാ ഗീതികളാൽ
കർത്താവിൻ തിരു ജനനത്തിൻ, നിർമ്മലമാകുമനുസ്മരണം,
കൊണ്ടാടാം, ഇന്നീ വേദികയിൽ.

**കാർമ്മി:** തൻകരവിരുതല്ലോ, വാനവിതാനങ്ങൾ, ഉദ്ഘോഷിക്കുന്നു.

**സമൂഹം:** ദിവ്യാത്മാവിൻ ഗീതികളാൽ ...

**കാർമ്മി:** പകലുകൾ പകലുകളോ, ടവിരതമവിടുത്തെ, പുകളുരചെയ്യുന്നു.

**സമൂഹം:** ദിവ്യാത്മാവിൻ ...

**കാർമ്മി:** നിത്യപിതാവിനും, സുതനും റൂഹായ്ക്കും, സ്തുതിയുണ്ടാകട്ടെ.

**സമൂഹം:** ദിവ്യാത്മാവിൻ ...

**കാർമ്മി:** ആദിയിലെപ്പോലെ, ഇപ്പൊഴുമെപ്പോഴും, എന്നേക്കും ആമ്മേൻ.

**സമൂഹം:** ദിവ്യാത്മാവിൻ ...

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ / അങ്ങയുടെ ജീവദായകവും ദൈവികവുമായ / കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും / ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. അതുവഴി ആത്മശരീരങ്ങൾക്കു ഉപകരിക്കുന്ന / സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും / നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും / അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.



ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടു കൂടെ.

*(ദൈവപ്രമാണങ്ങളനുസരിച്ച് ജീവിക്കുവാനുള്ള അനുഗ്രഹം പ്രാർത്ഥിക്കുന്നു).*

**കാർമ്മി:** അക്ഷയമായ മഹത്വത്തിന്റെ ആസ്ഥാനമായ ദൈവമേ, അങ്ങു ഞങ്ങൾക്കു നല്കിയിരിക്കുന്ന ഈ പുതുവത്സരത്തിൽ അങ്ങയുടെ പ്രമാണങ്ങൾ പാലിച്ചുകൊണ്ട് വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും വിശുദ്ധരായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. സത്യമായ ജീവൻ കൈവശമാക്കുവാൻ വേണ്ടി സൽപ്രവർത്തികൾ ചെയ്യുവാനും സൽക്കർമ്മങ്ങളിൽ സമ്പന്നരാകുവാനും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ജീവനോടെയിരുന്ന് / അങ്ങേ കല്പന അനുസരിക്കുവാൻ
അങ്ങേ ദാസനെ അനുഗ്രഹിക്കണമെ.

(രണ്ടു ഗണമായി തുടരുന്നു).

ജീവനോടെയിരുന്ന് അങ്ങേ കല്പന അനുസരിക്കുവാൻ
അങ്ങേ ദാസനെ അനുഗ്രഹിക്കണമെ.

അങ്ങേ പ്രമാണത്തിന്റെ വൈശിഷ്ട്യം കാണുവാൻ
എന്റെ കണ്ണുകൾ തുറക്കണമെ.

ഭൂമിയിൽ ഞാൻ ഒരു യാത്രക്കാരനാകുന്നു.
അങ്ങേ കല്പന എന്നിൽ നിന്നു മറച്ചുവെയ്ക്കരുതേ.

അങ്ങേ പ്രമാണങ്ങളെയെല്ലാം / ഞാൻ അത്യധികം സ്നേഹിച്ചു.

അങ്ങേ നിയമങ്ങൾ എനിക്കു മധുരമാകുന്നു.
അവ എന്റെ ഉപദേഷ്ടാക്കളുമാകുന്നു.

അങ്ങേ പ്രമാണങ്ങൾ അനുസരിക്കുവാൻ
എന്റെ മാർഗ്ഗങ്ങൾ ക്രമപ്പെടുത്തണമേ.

അങ്ങേ കല്പന പ്രകാരം ജീവിച്ചാൽ
ഞാൻ ഒരിക്കലും നിരാശനാവുകയില്ല.

കർത്താവേ അങ്ങു വാഴ്ത്തപ്പെട്ടവനാകുന്നു.
അങ്ങേ കല്പനകൾ എന്നെ പഠിപ്പിക്കണമെ.

അങ്ങേ നീതിവിധികളെല്ലാം / ഞാൻ ഉരുവിട്ടുകൊണ്ടിരിക്കുന്നു.

സർവ്വസമ്പത്തിലുമുപരിയായി / അങ്ങേ നിയമത്തെ ഞാൻ സ്നേഹിച്ചു.

അങ്ങേ കല്പനകളെപ്പറ്റി ധ്യാനിക്കുകയും
അങ്ങേ മാർഗ്ഗങ്ങളെപ്പറ്റി ചിന്തിക്കുകയും ചെയ്യു.

അങ്ങേ പ്രമാണങ്ങളിൽ ഞാൻ ആനന്ദിക്കും.
അങ്ങേ വാക്കുകൾ ഞാൻ വിസ്മരിക്കുകയില്ല.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂഷി:** പ്രാർത്ഥിക്കാം നമുക്കു സമാധാനം.

*(പുതിയ വർഷം കാണുവാനിടയായതിനെക്കുറിച്ച് ദൈവത്തെ സ്തുതിക്കുവാൻ സൃഷ്ടികളെയെല്ലാം ക്ഷണിക്കുന്നു).*

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ അനന്തവും അഗ്രാഹ്യവുമായ അങ്ങേ കാരുണ്യത്തെയോർത്തു സൃഷ്ടികളെല്ലാം അങ്ങയെ സ്തുതിക്കുവാനും ആരാധിക്കുവാനും കടപ്പെട്ടിരിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

## ഗാനം

അവനീപതിയാ മഖിലേശ്വരനെ
വാഴ്ത്തിപ്പാടുവിനാദരവോടെ. അവനീ ..........

നീലാകാശം തിങ്ങിപ്പുലരും
നീർത്തുള്ളികളേ ദൂതന്മാരെ. അവനീ ...........

കർത്താവിൻ തിരുസൈനികനിരയും
സൂര്യൻ ചന്ദ്രൻ താരാഗണവും. അവനീ ...........

കാറ്റേ കടലേ കാട്ടാറുകളെ
കനലേ കരയിൽ പൊരിയും വെയിലെ. അവനീ ..........



അത് എന്നും നിലനിൽക്കും. സൈന്യങ്ങളുടെ കർത്താവിന്റെ അനന്തമായ സ്നേഹം ഇതെല്ലാം നിർവ്വഹിക്കും.

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹാക്കു സ്തുതി.

*(രക്ഷകന്റെ ഭരണത്തെപ്പറ്റിയുള്ള സങ്കീർത്തകന്റെ പ്രവചനം)*
*(സങ്കീർത്തനം 27)*

**കാർമ്മി:** അദ്ദേഹം എളിയവരെ പരിപാലിക്കുകയും
ദരിദ്രസന്താനങ്ങളെ സംരക്ഷിക്കുകയും
മർദ്ദകരെ തകർക്കുകയും ചെയ്യും.

*(സമൂഹം രണ്ടു ഗണമായി തുടരുന്നു)*
സൂര്യചന്ദ്രന്മാരുള്ളിടത്തോളംകാലം
എല്ലാത്തലമുറയും അദ്ദേഹത്തെ വന്ദിക്കും.

പുല്ലിന്മേൽ മഴത്തുള്ളിപോലെയും / ഭൂമിമേൽ മഞ്ഞുതുള്ളിപോലെയും
അദ്ദേഹം ഇറങ്ങിവരും.

അദ്ദേഹത്തിന്റെ ഭരണകാലത്തു / നീതി പുഷ്പിക്കുകയും ചെയ്യും.

സമുദ്രം മുതൽ സമുദ്രം വരെയും / നദി മുതൽ ഭൂമിയുടെ
അതിർത്തിവരെയും / അദ്ദേഹം ഭരണം നടത്തും.

ശത്രുക്കൾ പരാജയപ്പെടുകയും
വിരോധികൾ നിലം പതിക്കുകയും ചെയ്യും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂഷി:** പ്രകീർത്തനം ആലപിക്കുവാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.

***(പേജ് 22 കാണുക)***

---

## വർഷാവസാനം / വർഷാരംഭം

**ശുശ്രൂഷി:** സഹോദരരേ നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

**വായിക്കുന്നയാൾ:** *(വർഷാവസാനം)* ഐസയാസ് പ്രവാചകന്റെ *(49: 1-6)* പുസ്തകത്തിൽ നിന്നുള്ള വായന.

*(വർഷാരംഭം)* ഉല്പത്തി *(17:1-14)* പുസ്തകത്തിൽ നിന്നുള്ള വായന.

# വായനകൾ

## പഴയ നിയമ വായന

(വർഷാവസാനം / വർഷാരംഭം പേജ് 21 കാണുക)

### ക്രിസ്തുമസ് രാത്രി

**ശുശ്രൂഷി:** അഗസ്റ്റസ് സീസറിന്റെ വാഴ്ചയുടെ നാല്പത്തിരണ്ടാം വർഷത്തിലാണ് ദൈവപുത്രനായ മിശിഹാ കന്യകാമറിയത്തിൽ നിന്നു ശരീരമെടുത്ത്, ബേസ്ലഹമിലെ പുൽത്തൊഴുത്തിൽ, ശിശുവായി അവതരിച്ചത്. അവിടുന്നു സമാധാനത്തിന്റെ രാജാവാണ്. അന്ധകാരത്തിൽ പ്രകാശമാണ്. അവിടുത്തെ ജനനത്തിനു 752 വർഷങ്ങൾക്കുമുമ്പ് ആ തിരുപ്പിറവിയെപ്പറ്റി ഐസയാസ് ദീർഘദർശി പ്രവചിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രവചനമാണ് വായിക്കാൻ പോകുന്നത്.

**വായിക്കുന്ന ആൾ:** ഐസയാസ് പ്രവാചകന്റെ പുസ്തകത്തിൽ നിന്നുള്ള വായന. (9:1-7)

*(കാർമ്മികനു നേരെ തിരിഞ്ഞ്)* ഉറോ ആശീർവ്വദിക്കണമേ.

**കാർമ്മി:** മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

**വായിക്കുന്ന ആൾ:** സെബുലോൺ, നഫ്ത്താലി എന്നീ പ്രദേശങ്ങൾ ഒരു കാലത്ത് അവിടുന്നു നശിപ്പിച്ചു. എന്നാൽ യോർദ്ദാന്റെ പടിഞ്ഞാറ്, വിജാതിയരുടെ ദേശമായിക്കിടക്കുന്ന സമുദ്രതീരം ഇനി അവിടന്ന് ഉയർത്തും. അന്ധകാരത്തിൽ നടന്നിരുന്നവർ വലിയൊരു വെളിച്ചം കണ്ടു. കരിനിഴലിന്റെ നാട്ടിൽ ജീവിച്ചിരുന്ന മനുഷ്യർക്ക് ഒരു പ്രകാശം ഉദിച്ചു. അവിടുന്ന് അവരുടെ ആനന്ദത്തെ വളർത്തി; അവരുടെ സന്തോഷത്തെ വർദ്ധമാനമാക്കി. കൊയ്ത്തുകാലം വരുമ്പോൾ സന്തോഷിക്കുന്നവരെപ്പോലെയും, കൊള്ളവസ്തു പങ്കിടുമ്പോൾ ആനന്ദിക്കുന്നവരെപ്പോലെയും, അവിടുത്തെ തിരുമുമ്പിൽ അവർ ഉല്ലാസഭരിതരായിത്തീർന്നു. എന്തുകൊണ്ടെന്നാൽ നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരുണ്ണി പിറന്നിരിക്കുന്നു. അവിടുന്നു രാജ്യത്തിന്റെ അധികാരിയാകുന്നു: പ്രഗത്ഭനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്നീ പേരുകളിൽ അവിടുന്ന് അറിയപ്പെടും. അവിടുത്തെ സാമ്രാജ്യം വിശാലമായിരിക്കും. അത് എന്നും സമാധാനപൂർണ്ണമായിരിക്കും. രാജാവായ ദാവീദിന്റെ സിംഹാസനത്തിൽ അവിടുന്ന് ആസനസ്ഥനാകും. നീതിയിലും വിശുദ്ധിയിലും



കാടും മേടും മേഘാവലിയും
തോടും പുഴയും പുൽത്തോപ്പുകളും. അവനീ ..........

കനകം പൊഴിയും പുലരിയുമഴകിൻ
കതിരൊളി ചിന്നും സായന്തനവും. അവനീ ..........

തളിരും മലരും മലർവാടികളും
മലയും മധുവും മാങ്കാവുകളും. അവനീ ..........

മിന്നൽപിണരും പർവ്വതനിരയും
പാട്ടുകൾ പാടും പറവയുമെല്ലാം. അവനീ ..........

തിരമാലകളെ ജലജീവികളെ
പുഞ്ചിരിതൂകും പൂഞ്ചോലകളെ. അവനീ ..........

മഴയും മഞ്ഞും മാമലനിരയും
മലരുകൾ തിങ്ങും മഞ്ഞണിവയലും. അവനീ ..........

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** ഞങ്ങളോടുകൂടെ വസിക്കുവാൻ ആശ്വാസപ്രദനെ അയച്ചുതരുമെന്നു വാഗ്ദാനം ചെയ്ത കർത്താവേ പുതുവത്സരത്തിന്റെ വഴികളിൽ അപകടം കൂടാതെ ഞങ്ങളെ നയിക്കുവാനും അങ്ങയുടെ പ്രമാണങ്ങൾ യഥാകാലം ഞങ്ങളെ അനുസ്മരിപ്പിക്കുവാനും ഞങ്ങളുടെ കർത്തവ്യങ്ങളുടെ ഗൗരവം ഞങ്ങളെ ഗ്രഹിപ്പിക്കുവാനുമായി അങ്ങയുടെ പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു പ്രദാനം ചെയ്യണമെ. സകലത്തിന്റെയും നാഥാ എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ.

### ഗാനം

പരിശുദ്ധത്മാവേ നീയെഴുന്നള്ളി / വരണമെ എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ / ദൈവസ്നേഹം നിറയ്ക്കണേ.

സ്വർഗ്ഗ വാതിൽ തുറന്നു ഭൂമിയിൽ / നിർഗ്ഗളിക്കും പ്രകാശമേ,
അന്ധകാരവിരിപ്പു മാറ്റിടും / ചന്തമേറുന്ന ദീപമേ
കേഴമാത്മാവിലാശ വീശുന്ന / മോഹന ദിവ്യ ഗാനമേ.
പരിശുദ്ധത്മാവേ ....

വിണ്ടുണങ്ങി വരണ്ടമാനസം / കണ്ടുവിണ്ണിൻ തടാകമേ

മന്ദമായ് വന്നു വീശിയാനന്ദം / തന്ന പൊന്നിളം തെന്നലേ,
രക്തസാക്ഷികളാഞ്ഞു പുല്കിയ / പുണ്യ ജീവിത പാത നീ
പരിശുദ്ധത്മാവേ ....

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.



## *കുർബ്ബാനയുടെ പ്രാർത്ഥനകൾ*

*(കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു.)*

**കാർമ്മി**: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ / അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം / അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ നാമത്തിൽ + ആശീർവ്വദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും / അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ എന്നേക്കും.

**ശുശ്രൂഷി**: ആമ്മേൻ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ / അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും / അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ / സ്വർഗ്ഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന / അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ / നിരന്തരം അങ്ങയെ സ്തുതിക്കുവാനും മഹത്വപ്പെടുത്തുവാനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊണ്ടെന്നാൽ അങ്ങ് എല്ലാറ്റിന്റെയും സൃഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് വലതുവശത്തു നിന്ന് ആരംഭിച്ച് **മദ്ബഹ ധൂപിക്കുന്നു.** മദ്ബഹയുടെ മദ്ധ്യഭാഗത്ത് എത്തുമ്പോൾ **സമൂഹത്തേയും ധൂപിക്കുന്നു**.)*

**(ഉത്ഥാന ഗീതം)**

*(എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞ് ശിരസ്സു നമിക്കുന്നു)*



സർവ്വാധിപനാം കർത്താവേ, നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമൊടെ, നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാം, മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി ന്നുത്തമരക്ഷയുമേകുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

*(കാർമ്മികൻ ജനങ്ങൾക്കുനേരെ തിരിഞ്ഞ്)*

**കാർമ്മി:** എന്റെ കർത്താവേ നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും / ആത്മാക്കളെ രക്ഷിക്കുന്നവനും / ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു / സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## ത്രൈശുദ്ധ കീർത്തനം

*(ത്രിതൈ്വക ദൈവത്തെ സ്തുതിച്ച് ദൈവത്തിന്റെ പരമ പരിശുദ്ധിയുടെ മുമ്പിൽ വിശുദ്ധീകരണത്തിനായി നില്ക്കുന്ന ആരാധനാ സമൂഹം).*

ശബ്ദമുയർത്തിപ്പാടിടുവിൻ, സർവ്വരുമൊന്നായിപ്പാടിടുവിൻ
എന്നെന്നും ജീവിക്കും, സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവ്വേശാ, പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്ത്യനേ, നിൻ കൃപ ഞങ്ങൾക്കേകണമേ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന / പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം / എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും / ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാന്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.